# ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം – 1

# DIRECTORATE OF HIGHER SECONDARY EDUCATION, HOUSING BOARD BUILDINGS, SANTHI NAGAR, THIRUVANANTHAPURAM – 1.

# സേ/ഇംപ്രൂവ്മെന്റ് പരീക്ഷ, ജൂൺ – 2018

## SAY/IMPROVEMENT EXAMINATION, JUNE 2018

## വിജ്ഞാപനം

## NOTIFICATION

**നം. എക്സ് II (1)/9890/HSE/2018** **തീയതി. 09/05/2018**

ജൂൺ 2018-ലെ ഹയർ സെക്കന്ററി/ടെക്നിക്കൽ ഹയർ സെക്കന്ററി /ആർട്ട് ഹയർ സെക്കന്ററി രണ്ടാംവർഷ സേ /ഇംപ്രൂവ്മെന്റ് പരീക്ഷ 05/06/2018 മുതൽ 12/06/2018 വരെ അനുബന്ധമായി ചേർത്ത ടൈംടേബിൾ പ്രകാരം നടത്തുന്നതാണ്. കേരളത്തിലെ തിരഞ്ഞെടുത്ത കേന്ദ്രങ്ങൾക്കു പുറമേ ലക്ഷദ്വീപിലും യു.എ.ഇ-യിലും പരീക്ഷാകേന്ദ്രങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

The Higher Secondary /Technical Higher Secondary /Art Higher Secondary SAY and Improvement Examination of June 2018 will commence with effect from 05/06/2018 to 12.06.2018 as per the time table appended. The Examination will be conducted in selected Higher Secondary Schools in Kerala , Lakshadweep and UAE.

## യോഗ്യത/ELIGIBILITY

(എ) 2018 മാർച്ചിൽ ആദ്യമായി പരീക്ഷാർത്ഥികളായി (റഗുലർ വിദ്യാർത്ഥികൾ) രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് ഉന്നതപഠനത്തിന് യോഗ്യത നേടാൻ സാധിക്കാത്തവർക്ക് യോഗ്യത നേടാനാവാത്ത വിഷയങ്ങൾക്ക് ജൂണിൽ നടക്കുന്ന സേ പരീക്ഷയ്ക്ക് അപേക്ഷിക്കാം. ഇത്തരം പരീക്ഷാർത്ഥികൾക്ക് യോഗ്യത നേടാനാവാത്ത വിഷയങ്ങളിൽ യോഗ്യത നേടുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രസ്തുത അവസരം വിനിയോഗിക്കുന്നതിനായി 2018 മാർച്ച് പരീക്ഷയിൽ ഉന്നതപഠനത്തിന് യോഗ്യത നേടാനാവാത്ത എല്ലാ വിഷയങ്ങൾക്കും രജിസ്റ്റർ ചെയ്യേണ്ടതാണ്.

(a) Candidates of Higher Secondary Examination March 2018 who registered for the Second Year Higher Secondary Examination, March 2018 for the first time (Regular students) but failed to become eligible for higher studies can appear for this examination. Such candidates can register only for those subjects for which they failed to attain D+ or above grade in order to improve his/her grade in those subjects. They can avail this facility for all the subjects in which they failed to attain D+ grade or above and should register for all such subjects.

**(ബി) 2018 മാർച്ചിൽ കമ്പാർട്ട്മെന്റൽ വിഭാഗത്തിൽ പരീക്ഷ എഴുതി ഒരു വിഷയത്തിനുമാത്രം യോഗ്യത നേടാൻ ബാക്കിയുണ്ടായാൽ ആ ഒരു വിഷയത്തിന് മാത്രം ഈ പരീക്ഷയ്ക്ക് അപേക്ഷിക്കാം. ഈ വിഭാഗത്തിൽ ഒന്നിൽ കൂടുതൽ വിഷയങ്ങളിൽ യോഗ്യത നേടാൻ ബാക്കിയുണ്ടെങ്കിൽ**

**അവർക്ക് സേ പരീക്ഷയ്ക്കപേക്ഷിക്കുവാൻ അനുമതിയുണ്ടായിരിക്കുന്നതല്ല.**

(b) Compartmental candidates who have secured D+ or above for five subjects and appeared in the Second Year Higher Secondary examination, March 2018 can register for the one subject for which he/she failed to attain D+ or above grade. **If a candidate in this category has failed to secure D+ grade or above for more than one subject he/she is not eligible to register for this Examination.**

(സി) 2018 മാർച്ചിൽ ആദ്യമായി പരീക്ഷ എഴുതി എല്ലാ വിഷയങ്ങൾക്കും D+ ഗ്രേഡോ അതിനു മുകളിലോ നേടിയവർക്ക് ഏതെങ്കിലും ഒരു വിഷയ ത്തിനു മാത്രം തങ്ങളുടെ ഗ്രേഡ് മെച്ചപ്പെടുത്താൻ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(c) Regular candidates who attended Higher Secondary Examination March 2018 and attained D+ or above grade for all six subjects at the Higher Secondary examination March 2018 are eligible to appear for improvement of grade of any one subject.

**കുറിപ്പ് / Note:**

(1) ബയോളജി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ ബോട്ടണി പരീക്ഷയും സുവോളജി പരീക്ഷയും എഴുതേണ്ടതാണ്.

(i) Candidates appearing for SAY/Improvement examination in Biology should attend both Botany and Zoology papers.

(2) **2018 മാർച്ചിലെ രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാത്തതായ പരീക്ഷാർത്ഥികൾക്ക് 2018 ജൂണിൽ നടക്കുന്ന സേ/ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ യോഗ്യതയില്ല.**

(ii) **Candidates who did not register for the Higher Secondary Examination, March 2018 are not eligible to register for the SAY/Improvement Examination June 2018.**

(3) ഒരു വിദ്യാർത്ഥിയ്ക്ക് സേ പരീക്ഷയ്ക്കും ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്കും ഒരേസമയം അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

(iii) A candidate cannot appear for the SAY and Improvement Examination at the same time.

(4) പരീക്ഷാർത്ഥി അതതു വിഷയത്തിലെ തിയറി പരീക്ഷയ്ക്കു മാത്രം ഹാജരായാൽ മതിയാകുന്നതാണ്. മാർച്ച് പരീക്ഷയ്ക്ക് ലഭിച്ച നിരന്തര മൂല്യ നിർണയ സ്കോറും പ്രായോഗിക പരീക്ഷയ്ക്കു ലഭിച്ച സ്കോറും (പ്രായോ ഗിക പരീക്ഷയുള്ള വിഷയത്തിന്) നിലനിൽക്കുന്നതാണ്. എന്നാൽ പ്രായോ ഗിക പരീക്ഷയ്ക്കു ഇതുവരെ ഹാജരാകാത്ത പക്ഷം ഈ പരീക്ഷയ്ക്കൊപ്പം നിർബന്ധമായും പ്രായോഗിക പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്. ഇത്തരം വിദ്യാർത്ഥികൾ പ്രായോഗിക മൂല്യ നിർണ്ണയത്തിന് ഹാജരാകാതിരുന്നാൽ അവർ ആ വിഷയത്തിനു “ ആബ്സന്റ്” ആയതായി കണക്കാക്കപ്പെടും.

(iv) A candidate shall appear only for Terminal Evaluation (TE) of the concerned subject. The CE scores and PE scores (in the case of subjects with Practicals) of the March Examination of such candidates shall be carried over. If a candidate had not undergone Practical Evaluation previously, he/she should attend the same along with this Examination. Otherwise he/she will be treated as absent for that subject

(5) സേ പരീക്ഷയിൽ പരീക്ഷാർത്ഥിയ്ക്ക് ഇതുവരെ ലഭിച്ച സ്കോറുകളുടെ അടിസ്ഥാനത്തിൽ യോഗ്യത/ അയോഗ്യത രേഖപ്പെടുത്തിയ ക്രോഡീകരിച്ച സർട്ടിഫിക്കറ്റായിരിക്കും നൽകുക. ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് മാർച്ചിലെ പരീക്ഷയ്ക്ക് ലഭിച്ച സ്കോറുകളും ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് ലഭിക്കുന്ന സ്കോറുകളും സംയോജിപ്പിച്ചു കൊണ്ടുള്ള സർട്ടിഫിക്കറ്റ് നൽകുന്നതല്ല.

(v) Consolidated certificate showing the scores obtained at the SAY Examination, June 2018 and at previous exams will be issued to all candidates who become eligible for higher studies at the SAY Examination, June 2018. Certificate showing scores obtained at the Improvement Examination will be issued separately.

കേരളത്തിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങൾക്കു പുറമെ ലക്ഷദ്വീപിലും ഗൾഫിലെ ഒരു കേന്ദ്രവും പരീക്ഷാകേന്ദ്രങ്ങളാണ്. പരീക്ഷാ കേന്ദ്രങ്ങളുടെ ലിസ്റ്റും ക്ലബ് ചെയ്യപ്പെട്ട സ്കൂളുകളുടെ ലിസ്റ്റും www.dhse.kerala.gov.in എന്ന വകുപ്പുതല പോർട്ടലിൽ ലഭ്യമാണ്.

The Examination will be conducted in selected Higher Secondary Schools in Kerala, Gulf and Lakshadweep. The list of Higher Secondary Schools selected as Examination Centres and the list of Higher Secondary Schools clubbed to each Examination centre will be made available in the department portal www.dhse.kerala.gov.in

## അപേക്ഷകൾ സമർപ്പിക്കുന്നതു സംബന്ധിച്ച് / SUBMISSION OF APPLICATIONS REGARDING

വിദ്യാർത്ഥികൾ മാർച്ച് 2018 പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂൾ പ്രിൻസിപ്പലിന് പൂരിപ്പിച്ച അപേക്ഷകൾ നിശ്ചിത ഫീസ് സഹിതം സമർപ്പിക്കേതാണ്. അപേക്ഷയിൽ വിദ്യാർത്ഥി തങ്ങളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ പതിപ്പിക്കേണ്ടതും അത് സ്കൂൾ പ്രിൻസിപ്പലിനെക്കൊണ്ട് സാക്ഷ്യപ്പെടുത്തേതുമാണ്. പരീക്ഷാർത്ഥിയ്ക്ക് 2018 മാർച്ചിൽ പരീക്ഷ എഴുതിയ മാതൃസ്കൂളിൽ നിന്നും അപേക്ഷാഫോറം വാങ്ങാവുന്നതാണ്.

സ്കൂൾ പ്രിൻസിപ്പൽമാർ പരീക്ഷാർത്ഥികളെ വെബ് പോർട്ടലായ **dhsekerala.gov.in** വഴി ഓൺലൈനായി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതാണ്. അഡ്മിഷൻ ടിക്കറ്റുകൾ പോർട്ടലിൽ ലഭ്യമാക്കുമ്പോൾ മാതൃ സ്കൂളുകളിലെ പ്രിൻസിപ്പൽമാർ അതിൽനിന്നും ഡൗൺലോഡ് ചെയ്തെടുത്ത് വിദ്യാർത്ഥികൾക്ക് മൂന്ന് ദിവസം മുമ്പെങ്കിലും നൽകേണ്ടതാണ്. പരീക്ഷാർത്ഥികൾ തങ്ങൾക്ക് ലഭിച്ച അഡ്മിഷൻ ടിക്കറ്റിൽ തെറ്റുകളില്ലായെന്നും ലഭിച്ച അഡ്മിഷൻ ടിക്കറ്റ് മാറിയി

ട്ടില്ലായെന്നും ഉറപ്പുവരുത്തേതാണ്. സേ/ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതുന്ന പരീക്ഷാർത്ഥികളുടെ പരീക്ഷാ കേന്ദ്രം ഏതാണെന്ന് ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ പരീക്ഷാർത്ഥികളെ അറിയിക്കേണ്ടതാണ്. ഈ വിജ്ഞാപനം ഓപ്പൺ സ്കൂളിനും പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷാർത്ഥികൾക്കും ബാധകമാണ്. അപേക്ഷാ ഫാറത്തിന്റെ മാതൃകയിൽ മാറ്റമില്ല. സ്കൂൾ പ്രിൻസിപ്പൽമാർ അനുബന്ധ രേഖകൾ സഹിതമുള്ള അപേക്ഷകൾ വാങ്ങേണ്ടതും അപേക്ഷകളിലെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റും നോമിനൽ റോളുകളും തയ്യാറാക്കേണ്ടതും നോമിനൽ റോളും പരീക്ഷാർത്ഥികളുടെ ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റും അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. ആയതിൻ പ്രകാരം അപ്‌ലോഡ് ചെയ്യപ്പെട്ട നോമിനൽ റോളിന്റേയും ചോദ്യപേപ്പർ വിശദാംശങ്ങളുടേയും പകർപ്പുകൾ ക്ലബ് ചെയ്യപ്പെട്ട സേ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ നൽകേണ്ടതാണ്.

Application duly filled in shall be submitted to the Principal of the School where the student has registered for the March 2018 Examination. A passport size photograph attested by the Principal shall be pasted in the space provided in the application form. The candidates can have their application forms from their parent schools where they appeared for the Examination of March 2018.

The Principals of the respective parent school shall register the candidates at their centre for SAY/Improvement Examination, June 2018, online, through Department portal, dhsekerala.gov.in. The concerned parent school authorities shall download the admission tickets of the candidates attending the SAY/Improvement Examination, and distribute the same to the candidates at least three days before the commencement of the Examination. The candidates on receipt of the admission tickets shall scrutinize the hall tickets and get the defect if any, rectified then and there. The Principals are directed to inform the SAY/Improvement candidates from their schools about their Examination Centres. This notification is applicable to both Open School Regular and Private Registration Candidates. Application form is common to all candidates. The Principals of the parent school should receive the applications with enclosures, consolidate the data, prepare the nominal roll and question paper statement of the candidates attending the examination and upload the details through Department Portal and a copy of the nominal roll and Question Paper statement prepared by the parent school shall be given to the Chief Superintendent of the SAY Exam Centre before the last date fixed for the same.

| | |
|---|---|
| സേ/ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് മാതൃസ്കൂളുകളിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | **16/05/2018** |
| സ്കൂൾ പ്രിൻസിപ്പൽമാർ ട്രഷറിയിൽ ഫീസ് ഒടുക്കേണ്ട അവസാന തീയതി | **17/05/2018** |
| ഡിപ്പാർട്ട്മെന്റ് പോർട്ടൽ വഴി പരീക്ഷാർത്ഥികൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ നടത്താവുന്ന അവസാന തീയതി | **19/05/2018** |
| സേ/ഇംപ്രൂവ്മെന്റ് പരീക്ഷാ കേന്ദ്രങ്ങളിലും, ഹയർസെക്കന്ററി ഡയറക്ടറേറ്റിലും നോമിനൽ റോളും ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റും സ്വീകരിക്കുന്ന അവസാന തീയതി | **24.05.2018** |

| | |
|---|---|
| **Last date for submission of Application Form at the parent school by the SAY Candidates** | **16/05/2018** |
| **Last date for remittance of fee at the treasury by the Principals of the parent school** | **17/05/2018** |
| **Last date for online registration of Candidates through Department portal from the Parent School** | **19/05/2018** |
| **Last date for receipt of nominal roll and Question Paper statement at the SAY/Improvement Exam Centres and DHSE** | **24/05/2018** |

## സേ/ഇംപ്രൂവ്മെന്റ് പരീക്ഷാ ഫീസ്

| ക്രമ നമ്പർ | ഉദ്ദേശം | ഫീസ് |
|---|---|---|
| 1 | സേ പരീക്ഷാ ഫീസ് | 150/-രൂപ (ഒരു വിഷയത്തിന്) |
| 2 | ഇംപ്രൂവ്മെന്റ് പരീക്ഷാ ഫീസ് | 500/- രൂപ (ഒരു വിഷയത്തിന്) |
| 3 | പ്രായോഗിക പരീക്ഷാ ഫീസ് | 25/- രൂപ (ഒരു വിഷയത്തിന്) |
| 4 | സർട്ടിഫിക്കറ്റ് ഫീസ് | 40/- രൂപ |

## EXAMINATION FEE FOR SAY & IMPROVEMENT EXAMINATION

| Sl.No. | Purpose | Fee |
|---|---|---|
| 1 | Fee for SAY Examination | Rs.150/- per Subject |
| 2 | Fee for Improvement Examination | Rs. 500/- per subject |
| 3 | Fee for Practical Examination | Rs. 25/- per subject |
| 4 | Fee for Certificate | Rs. 40/- |

പരീക്ഷയ്ക്കുള്ള ഫീസ് സർക്കാർ ട്രഷറിയിൽ " 0202-01-102-97(02) Exam fees" എന്ന ഹെഡിലും സർട്ടിഫിക്കറ്റ് ഫീസ് " 0202-01-102-97(03) Other Receipts" എന്ന ഹെഡിലും ഒടുക്കേണ്ടതാണ്. ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ മാർച്ച് പരീക്ഷയ്ക്ക് അപ് ലോഡ് ചെയ്ത മാതൃകയിൽ തന്നെ അപ് ലോഡ് ചെയ്യേണ്ടതാണ്.

The fee for the Examination should be remitted in the Government Treasury under the Head of Account "0202-01-102-97(02) Exam Fees" and in the case of fee for Certificate, it may be remitted under the Head of Account "0202-01-102-97(03) Other Receipts". Details of fee remitted shall be uploaded as done during March Exam.

## ഗൾഫ് മേഖലയിലെ പരീക്ഷാർത്ഥികൾ

ഗൾഫ് മേഖലയിലെ പരീക്ഷാർത്ഥികൾക്ക് ഗൾഫിൽ അനുവദിച്ചിട്ടുള്ള പരീക്ഷാ കേന്ദ്രത്തിലോ വിദ്യാർത്ഥി പഠിച്ച വിഷയ കോമ്പിനേഷനുള്ള കേരളത്തിലെ ഏതെങ്കിലും ഒരു പരീക്ഷാ കേന്ദ്രത്തിലോ പരീക്ഷ എഴുതാവുന്നതാണ്. കേരളത്തിലെ പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷ എഴുതാൻ ഉദ്ദേശിക്കുന്ന പരീക്ഷാർത്ഥിയുടെ കൈവശം തിരച്ചറിയൽ സർട്ടിഫിക്കറ്റ് ഉണ്ടാകേണ്ടതാണ്. തിരിച്ചറിയൽ സർട്ടിഫിക്കേറ്റിൽ പരീക്ഷാർത്ഥിയുടെ ഫോട്ടോ പതിപ്പിക്കേണ്ടതും ആയതിൽ മാതൃസ്കൂൾ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പരീക്ഷാർത്ഥി പഠിച്ച ഗൾഫ് സ്കൂളിന്റെ സീലും പതിപ്പിക്കേണ്ടതാണ്. കൂടാതെ ടി പരീക്ഷാർത്ഥി മാർച്ച് 2018-ലെ ഹയർ സെക്കന്ററി പരീക്ഷ അഡ്മിഷൻ ടിക്കറ്റും മാതൃസ്കൂൾ തിരിച്ചറിയൽ കാർഡും കേരളത്തിലെ പരീക്ഷാകേന്ദ്രത്തിലെ പ്രിൻസിപ്പാളിനു സമർപ്പിക്കേണ്ടതാണ്. പരീക്ഷാർത്ഥി പഠിച്ച ഗൾഫ് സ്കൂൾ പ്രിൻസിപ്പൽ പരീക്ഷാർത്ഥിയെ സംബന്ധിച്ചുള്ള ആവശ്യമായ വിശദാംശങ്ങളും ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റും സേ ഇംപ്രൂവ്മെന്റ് പരീക്ഷാകേന്ദ്രത്തിലെ പ്രിൻസിപ്പലിനു, നിശ്ചിത സമയത്തിനുള്ളിൽ അപ് ലോഡ് ചെയ്യത്തക്ക രീതിയിൽ മുൻകൂറായി നൽകേണ്ടതാണ്. മാതൃസ്കൂൾ പ്രിൻസിപ്പൽ കേരളത്തിൽ പരീക്ഷ എഴുതുന്ന പരീക്ഷാർത്ഥികളുടെ വിശദാംശങ്ങൾ jdexamdhse@gmail.com -ൽ അയയ്ക്കേണ്ടതാണ്. ഇത്തരത്തിൽ ഗൾഫ് മേഖലയിലെ ഒരു സ്കൂളിൽ സേ/ഇംപ്രൂവ്മെന്റ് പരീക്ഷ നടത്തുവാനുള്ള മുഴുവൻ ചിലവും ഗൾഫ് മേഖലയിലെ ഹയർ സെക്കന്ററി സ്കൂളുകളും തുല്യമായി വഹിക്കേണ്ടതാണ്.

## CANDIDATES OF GULF SCHOOLS

The candidates of Gulf can appear for the examination at the UAE exam centre OR anyone of the examination centre in Kerala where the Examination is conducted for the subject/subject combination the candidate has studied during the Higher Secondary Course. ***Identification Certificates bearing the photograph of the candidate duly attested by the Principal of the Gulf School with office seal shall be issued to all Gulf candidates intending to write the exam from centres in Kerala.*** They shall also produce before the Principal of the Examination Centre, their Admission Ticket of March 2018 Examination/Identity Card issued from the School where they have studied. The Principals of the parent school in Gulf shall forward the details of the students along with the Question Paper requirement to the Examination Centres well in advance so as to enable the Principal of the Examination Centre to consolidate the question paper requirement and to upload the same before the last date prescribed for the same. The Principal of the parent school shall also forward the details of candidates who appear the exam in Kerala to jdexamdhse@gmail.com. ***The centre in the Gulf is permitted on condition that the whole expense for conducting this exam shall be borne equally by all the Higher Secondary schools in the Gulf Region.***

## ലക്ഷദ്വീപിലെ പരീക്ഷാർത്ഥികൾ

ലക്ഷദ്വീപ് മേഖലയിലെ പരീക്ഷാർത്ഥികൾക്ക് മാർച്ച് 2018 -ലെ പരീക്ഷാകേന്ദ്ര ത്തിൽ വച്ചു തന്നെ പരീക്ഷ എഴുതാവുന്നതാണ്. സേ/ഇംപ്രൂവ്മെന്റ് പരീക്ഷ നട ത്തിപ്പു സംബന്ധിച്ച എല്ലാ ഉത്തരവാദിത്വവും ലക്ഷദ്വീപ് യൂണിയൻ ടെറിറ്ററി ഭരണ വിഭാഗത്തിലെ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിക്ഷിപ്തമാണ് എന്ന വ്യവസ്ഥയിലാണ് സേ/ഇംപ്രൂവ്മെന്റ് പരീക്ഷാകേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളത്.

## CANDIDATES OF LAKSHADWEEP SCHOOLS

The candidates in Lakshadweep can appear for the Examination in centres provided in Lakshadweep where they had appeared for March 2018 Examination. The Examination centres are allowed for the SAY/Improvement Examination on condition that the entire responsibility regarding this Examination shall rest with the office of the Director of Education, administration of Union territory of Lakshadweep.

## പ്രായോഗിക പരീക്ഷ

പ്രായോഗിക പരീക്ഷ 28.05.2018 മുതൽ 29.05.2018 വരെ ജില്ലയിലെ ഒരു നിശ്ചിത കേന്ദ്രത്തിൽ വച്ചു നടത്തുന്നതാണ്.

മാർച്ച് 2018 -ൽ പ്രായോഗിക പരീക്ഷയ്ക്ക് ഹാജരായവർ സേ/ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് വീണ്ടും ഹാജരാകേണ്ടതില്ല. മാർച്ച് പരീക്ഷയ്ക്കോ മുമ്പോ പ്രായോഗിക പരീക്ഷയ്ക്ക് ഹാജരാകാത്തവർ സേ/ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്കൊപ്പം പ്രായോഗിക പരീക്ഷയ്ക്കും ഹാജരാകേണ്ടതാണ്.

## PRACTICAL EXAMINATION

**Practical Examination will be conducted from 28.05.2018. to 29.05.2018 in designated centres, one in each district.**

Candidates who have appeared for Practical Examination during March 2018 or prior to that need not re-appear for the same again at the SAY/Improvement Examination. Candidates who have not appeared for the Practical Examination during March 2018 or prior to can appear for the Practical Examination at the SAY/Improvement Examination.

**TIME TABLE FOR THE SECOND YEAR HIGHER SECONDARY SAY/IMPROVEMENT THEORY EXAMINATION, JUNE 2018 THEORY – 05.06.2018 TO 12.06.2018 PRACTICAL 28.05.2018 &29.05.2018**

**TIME OF EXAMINATION [THEORY]**

**Subjects without Practical : (FN) 9.30 AM to 12.15 PM [IST] including Cool off Time (15 minutes)**
**(AN) 2.00 PM to 4.45 PM [IST] including Cool off Time (15 minutes)**
**Subjects with Practical : (FN) 9.30 AM to 11.45 AM [IST] including Cool off Time (15 minutes)**
**except Biology and Music : (AN) 2.00 PM to 4.15 PM [IST] including Cool off Time (15 minutes)**
**Biology 2.00 PM to 4.25 PM including Cool off Time : 20 minutes ie., 10 minutes each for Botany & Zoology and 5 minutes preparatory time for Zoology**
**: Music 2.00 PM to 3.45 PM including Cool off Time (15 minutes)**

| Date | | Day | Subjects |
|---|---|---|---|
| 05/06/2018 | FN | TUESDAY | ACCOUNTANCY HISTORY ISLAMIC HISTORY & CULTURE COMMUNICATIVE ENGLISH ELECTRONICS SERVICE TECHNOLOGY, |
| 05/06/2018 | AN | TUESDAY | PHYSICS, GEOGRAPHY, MUSIC, GANDHIAN STUDIES, ENGLISH LITERATURE |
| 06/06/2018 | FN | WEDNESDAY | ECONOMICS, JOURNALISM |
| 06/06/2018 | AN | WEDNESDAY | GEOLOGY, STATISTICS, COMPUTER APPLICATION, HOME SCIENCE |
| 07/06/2018 | FN | THURSDAY | BUSINESS STUDIES, SOCIOLOGY, PHILOSOPHY ANTHROPOLOGY |
| 07/06/2018 | AN | THURSDAY | CHEMISTRY, SANSKRIT SASTRA, POLITICAL SCIENCE |
| 11/06/2018 | FN | MONDAY | ENGLISH (PART I) |
| 11/06/2018 | AN | MONDAY | PART II LANGUAGES COMPUTER INFORMATION TECHNOLOGY |
| 12/06/2018 | FN | TUESDAY | MATHEMATICS, PART III LANGUAGES, PSYCHOLOGY, SANSKRIT SAHITYA |
| 12/06/2018 | AN | TUESDAY | SOCIAL WORK, BIOLOGY, COMPUTER SCIENCE, ELECTRONICS |

**ART HIGHER SECONDARY SAY/IMPROVEMENT EXAMINATION, JUNE 2018**
**PART – III OPTIONALS**

| | | | |
|---|---|---|---|
| 05/06/2018 | FN | TUESDAY | MAIN |
| 05/06/2018 | AN | TUESDAY | SUBSIDIARY |
| 06/06/2018 | FN | WEDNESDAY | LITERATURE |
| 06/06/2018 | AN | WEDNESDAY | AESTHETICS |
| 07/06/2018 | AN | THURSDAY | SANSKRIT |
| 11/06/2018 | FN | MONDAY | PART – I ENGLISH |
| 11/06/2018 | AN | MONDAY | PART II - LANGUAGES |

**Sd/-**
**CHAIRMAN**
**BOARD OF HIGHER SECONDARY EXAMINATIONS**
**&**
**DIRECTOR**

**Sd/-**
**SECRETARY**
**BOARD OF HIGHER SECONDARY EXAMINATIONS**
**&**
**JOINT DIRECTOR EXAMINATIONS**